# UNIT 5
# <u>പ്രകാശത്തിന്റെ അപവർത്തനം</u>

**28/12/2020 – Class 43**
**<u>Assignment Answer</u>**




ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ഗ്ലാസിന്റെ ക്രിട്ടിക്കൽ കോൺ എത്ര? **$42^0$**

2) ക്രിട്ടിക്കൽ കോണിന്റെ നിർവചനം എഴുതുക? **പ്രകാശരശ്മി പ്രകാശികസാന്ദ്രത കൂടിയ മാധ്യമത്തിൽ നിന്ന് പ്രകാശികസാന്ദ്രത കുറഞ്ഞ മാധ്യമത്തിലേക്ക് കടക്കുമ്പോൾ അപവർത്തനകോൺ $90^0$ ആവുന്ന സന്ദർഭത്തിലെ പതനകോണാണ് ക്രിട്ടിക്കൽ കോൺ.**

3) പൂർണാന്തരപ്രതിപതനം നടക്കാൻ ആവശ്യമായ സാഹചര്യം എന്ത്?

- **പ്രകാശം സഞ്ചരിക്കുന്നത് പ്രകാശികസാന്ദ്രത കൂടിയ മാധ്യമത്തിൽ നിന്നും പ്രകാശികസാന്ദ്രത കുറഞ്ഞതിലേക്കായിരിക്കണം.**
- **പതനകോൺ ക്രിട്ടിക്കൽ കോണിനേക്കാൾ കൂടുതലായിരിക്കണം.**

4) നിത്യജീവിതത്തിൽ പൂർണാന്തരപ്രതിപതനത്തിന്റെ പ്രായോഗിക ഉപയോഗങ്ങൾ എഴുതുക?

- **വൈദ്യശാസ്ത്രരംഗത്ത്.**
- **വാർത്താവിനിയമയരംഗത്ത്.**

## <u>Activity 1</u>

പ്രകാശത്തിന്റെ അപവർത്തനം ലെൻസുകളിൽ പ്രയോജനപ്പെടുത്തുന്നതെങ്ങനെയെന്ന് നോക്കാം.

**<u>ചർച്ച</u>**

- എന്താണ് ലെൻസ്? **ഗോളോപരിതലങ്ങളുള്ള ഒരു സുതാര്യമാധ്യമമാണ് ലെൻസ്.**
- നാം പ്രധാനമായി ഉപയോഗിക്കുന്ന ലെൻസുകൾ ഏതെല്ലാമാണ്? **കോൺവെക്സ് ലെൻസും കോൺകേവ് ലെൻസും.**
- ഒരു കോൺവെക്സ് ലെൻസിന്റെ അകൃതി എങ്ങനെയാണ്? **ഉപരിതലത്തിൽ മധ്യഭാഗത്ത് കനം കൂടുതലും മുകളിലും താഴെയും കനം കുറവും ആയിരിക്കും.**
- ഒരു കോൺകേവ് ലെൻസിന്റെ അകൃതി എങ്ങനെയാണ്? **മധ്യഭാഗത്ത് കനം കുറവും മുകളിലും താഴെയും കനം കൂടുതലും ആയിരിക്കും.**




**<u>നിഗമനം</u>**

- ഗോളോപരിതലങ്ങളുള്ള ഒരു സുതാര്യമാധ്യമമാണ് **ലെൻസ്.**
- നാം പ്രധാനമായും ഉപയോഗിക്കുന്ന ലെൻസുകളാണ് **കോൺവെക്സും കോൺകേവും.**

## Activity 2

ലെൻസുകളുമായി ബന്ധപ്പെട്ട പദങ്ങൾ എന്തെല്ലാമെന്ന് നോക്കാം. ചിത്രം നിരീക്ഷിക്കുക.




$C_1$, $C_2$ – വക്രതാകേന്ദ്രങ്ങൾ

**O** – പ്രകാശികകേന്ദ്രം.

**AB, XY** – മുഖ്യ അക്ഷം




Fig. 5.15

**ചർച്ച**

- ലെൻസിന്റെ മധ്യബിന്ദുവാണ്? **പ്രകാശികകേന്ദ്രം (P).**
- ലെൻസിന്റെ വക്രതാകേന്ദ്രം എന്നാൽ എന്താണ്? **ലെൻസിന്റെ വശങ്ങൾ ഭാഗങ്ങളായി വരുന്ന സാങ്കല്പികഗോളങ്ങളുടെ കേന്ദ്രങ്ങളാണ് വക്രതാകേന്ദ്രങ്ങൾ.**
- ലെൻസിന്റെ രണ്ടു വക്രതാകേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് പ്രകാശികകേന്ദ്രത്തിൽക്കൂടി കടന്നുപോകുന്ന സാങ്കല്പികരേഖയാണ്? **മുഖ്യ അക്ഷം.**

**നിഗമനം**

➔ ഒരു ലെൻസിന്റെ മധ്യബിന്ദുവാണ് **പ്രകാശികകേന്ദ്രം (P).**

➔ ലെൻസിന്റെ വശങ്ങൾ ഭാഗങ്ങളായി വരുന്ന സാങ്കല്പികഗോളങ്ങളുടെ കേന്ദ്രങ്ങളാണ് **വക്രതാകേന്ദ്രങ്ങൾ (C).**

➔ ലെൻസിന്റെ രണ്ടു വക്രതാകേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് പ്രകാശികകേന്ദ്രത്തിൽക്കൂടി കടന്നുപോകുന്ന സാങ്കല്പികരേഖയാണ് **മുഖ്യ അക്ഷം.**

## Activity 3

മുകൾഭാഗം ഗ്ലാസ് ഷീറ്റുകൊണ്ടു മൂടിയ ഒരു ചെറിയ ചതുരപ്പെട്ടി എടുത്ത് അതിന്റെ മധ്യഭാഗത്ത് ലെൻസ് സ്റ്റാൻഡ് ഉറപ്പിക്കുന്നു. പെട്ടിയിൽ ചന്ദനത്തിരിയുടെ പുക നിറയ്ക്കുന്നു.



| പ്രവർത്തനം | നിരീക്ഷണം |
|---|---|
| കോൺവെക്സ് ലെൻസ് സ്റ്റാൻഡിൽ വച്ചതിനുശേഷം ടോർച്ചിൽ നിന്നുള്ള ശക്തിയേറിയ പ്രകാശം ലെൻസിലൂടെ കടത്തി വിടുന്നു.   | പ്രകാശരശ്മികൾ കേന്ദ്രീകരിക്കുന്നു.  |

| | |
|---|---|
| കോൺകേവ് ലെൻസ് ഉപയോഗിച്ച് പരീക്ഷണം ആവർത്തിക്കുന്നു.  | പ്രകാശരശ്മികൾ അകന്നു പോകുന്നു. |

**ചർച്ച**




- പ്രകാശരശ്മികൾ കോൺവെക്സ് ലെൻസിലൂടെ കടന്നുപോകുമ്പോൾ എന്തു സംഭവിക്കുന്നു? **ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കുന്നു.**
- ആ ബിന്ദുവാണ്? **കോൺവെക്സ് ലെൻസിന്റെ മുഖ്യഫോക്കസ്.**

**നിഗമനം**

കോൺവെക്സ് ലെൻസിന്റെ മുഖ്യ അക്ഷത്തിനു സമീപവും സമാന്തരവുമായി ലെൻസിൽ പതിക്കുന്ന പ്രകാശരശ്മികൾ അപവർത്തനത്തിനുശേഷം മുഖ്യ അക്ഷത്തിലുള്ള ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കുന്നു. ഈ ബിന്ദുവിനെ **കോൺവെക്സ് ലെൻസിന്റെ മുഖ്യഫോക്കസ്** എന്നു പറയുന്നു.

**ചർച്ച**




- കോൺകേവ് ലെൻസിലൂടെ കടന്നുപോയ പ്രകാശരശ്മിക്ക് എന്താണ് സംഭവിച്ചത്? **പരസ്പരം അകന്നു പോകുന്നു.**
- അപവർത്തനരശ്മികൾ പതനരശ്മികളുടെ അതേ വശത്ത് മുഖ്യ അക്ഷത്തിലുള്ള ഒരു ബിന്ദുവിൽനിന്നു പുറപ്പെടുന്നതായി തോന്നുന്നു. ആ ബിന്ദുവാണ്? **കോൺകേവ് ലെൻസിന്റെ മുഖ്യഫോക്കസ്.**
- കോൺകേവ് ലെൻസിന്റെ മുഖ്യഫോക്കസ് മിഥ്യയാണെന്ന് പറയാനുള്ള കാരണമെന്ത്? **കോൺകേവ് ലെൻസ് ഉപയോഗിച്ച് പ്രകാശത്തെ ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കാൻ കഴിയില്ല.**

**നിഗമനം**

- കോൺകേവ് ലെൻസിന്റെ മുഖ്യ അക്ഷത്തിനു സമീപവും സമാന്തരവുമായി ലെൻസിൽ പതിക്കുന്ന പ്രകാശരശ്മികൾ അപവർത്തനത്തിനുശേഷം പരസ്പരം അകലുന്നു. ഈ രശ്മികൾ പതനരശ്മികളുടെ അതേ വശത്ത് മുഖ്യ അക്ഷത്തിലുള്ള ഒരു ബിന്ദുവിൽനിന്നു പുറപ്പെടുന്നതായി തോന്നുന്നു. ഈ ബിന്ദുവാണ് **കോൺകേവ് ലെൻസിന്റ മുഖ്യഫോക്കസ്.**
- കോൺകേവ് ലെൻസ് ഉപയോഗിച്ച് പ്രകാശത്തെ ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കാൻ കഴിയില്ല. അതുകൊണ്ട് കോൺകേവ് ലെൻസിന്റെ മുഖ്യഫോക്കസ് **മിഥ്യയാണ്.**

## Activity 4

- പ്രകാശികകേന്ദ്രത്തിൽനിന്ന് മുഖ്യഫോക്കസിലേക്കുള്ള ദൂരമാണ്? **ഫോക്കസ് ദൂരം.**

**ഫോക്കസ് ദൂരം (f)**

പ്രകാശികകേന്ദ്രത്തിൽനിന്ന് മുഖ്യഫോക്കസിലേക്കുള്ള ദൂരമാണ് **ഫോക്കസ് ദൂരം.**

- ഒരു കോൺവെക്സ് ലെൻസിന്റെ ഫോക്കസ് ദൂരം കാണുന്നതെങ്ങനെയാണ്? **കോൺവെക്സ് ലെൻസുപയോഗിച്ച് വളരെ അകലെയുള്ള വസ്തുവിന്റെ പ്രതിബിബം സ്ക്രീനിൽ പതിപ്പിക്കുന്നു. ലെൻസും സ്ക്രീനും തമ്മിലുള്ള ദൂരം അളക്കുന്നു. പരീക്ഷണം അകലെയുള്ള വ്യത്യസ്ത വസ്തുക്കളിൽ ആവർത്തിച്ച് അളന്നു കിട്ടുന്ന ദൂരങ്ങളുടെ ശരാശരി കണ്ടെത്തുന്നു. അതായിരിക്കും കോൺവെക്സ് ലെൻസിന്റ ഫോക്കസ് ദൂരം.**

## Activity 5

കോൺവെക്സ് ലെൻസുപയോഗിച്ചുള്ള പ്രതിബിംബ രൂപീകരണം.

**പരീക്ഷണം**

**ആവശ്യമായ സാമഗ്രികൾ** – 10 cm ഫോക്കസ് ദൂരമുള്ള കോൺവെക്സ് ലെൻസ്, ലെൻസ് സ്റ്റാൻഡ്, സ്ക്രീൻ, മെഴുകുതിരി, സ്കെയിൽ.

**പ്രവർത്തനക്രമം** – മേശപ്പുറത്ത് മുഖ്യ അക്ഷം വരയ്ക്കുന്നു. അതിൽ ലെൻസിന്റെ സ്ഥാനം അടയാളപ്പെടുത്തുന്നു. അതിന്റെ ഇരുവശത്തും **F ഉം 2F** ഉം അടയാളപ്പെടുത്തുന്നു. കത്തിച്ച മെഴുകുതിരി (വസ്തു) വ്യത്യസ്ത സ്ഥാനങ്ങളിൽ വച്ച് രൂപീകരിക്കുന്ന പ്രതിബിംബത്തിന്റെ സ്ഥാനവും സവിശേഷതകളും കണ്ടെത്തുന്നു.

**നിരീക്ഷണം**

| **വസ്തുവിന്റെ സ്ഥാനം** | **പ്രതിബിംബത്തിന്റെ സ്ഥാനം** | **പ്രതിബിംബത്തിന്റെ സവിശേഷത** |
|---|---|---|
| 2F ന് അപ്പുറം.  | ലെൻസിന്റെ മറുവശത്ത് F നും 2 F നും ഇടയിൽ. | യഥാർഥം, തലകീഴായത്, ചെറുത്. |
| 2F ൽ.  | ലെൻസിന്റെ മറുവശത്ത് 2 F ൽ | യഥാർഥം, തലകീഴായത്, അതേ വലുപ്പം. |
| 2F നും F നുമിടയിൽ.  | ലെൻസിന്റെ മറുവശത്ത് 2F ന് അപ്പുറം. | യഥാർഥം, തലകീഴായത്, വലുത്. |
| F ൽ  | അനന്തതയിൽ (പ്രതിബിംബം സ്ക്രീനിൽ കാണുന്നില്ല) | യഥാർഥം, തലകീഴായത്, വലുത്. |

| | | |
|---|---|---|
| F നും ലെൻസിനും ഇടയിൽ.<br> | വസ്തു ഇരിക്കുന്ന അതേ വശത്ത്. | മിഥ്യ, നിവർന്നത്, വലുത്. |

**Activity 6**

മുകളിലെ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 5.7 പൂർത്തിയാക്കുക

| വസ്തുവിന്റെ സ്ഥാനം | പ്രതിബിംബത്തിന്റെ സ്ഥാനം | പ്രതിബിംബത്തിന്റെ സ്വഭാവം / വലുപ്പം | | |
|---|---|---|---|---|
| | | യഥാർഥം / മിഥ്യ | തലകീഴായത് / നിവർന്നത് | വലുത് / ചെറുത് / അതേ വലുപ്പം |
| 1. വിദൂരതയിൽ | F ൽ | യഥാർഥം | തലകീഴായത്. | ചെറുത് |
| 2. 2F ന് അപ്പുറം. | ലെൻസിന്റെ മറു വശത്ത് 2F നും F നും ഇടയിൽ. | യഥാർഥം | തലകീഴായത്. | *ചെറുത്.* |
| 3. 2F ൽ. | ലെൻസിന്റെ മറുവശത്ത് 2 F ൽ | യഥാർഥം | തലകീഴായത്. | *അതേ വലുപ്പം.* |
| 4. 2F നും F നും ഇടയിൽ | ലെൻസിന്റെ മറുവശത്ത് 2F ന് അപ്പുറം. | യഥാർഥം | തലകീഴായത്. | *വലുത്.* |
| 5. F ൽ. | അനന്തതയിൽ | യഥാർഥം | തലകീഴായത്. | *വലുത്.* |
| 6. F നും ലെൻസിനും ഇടയിൽ. | വസ്തു ഇരിക്കുന്ന അതേ വശത്ത്. | *മിഥ്യ* | *നിവർന്നത്* | *വലുത്.* |

**Assignment.**

അപവർത്തന കിരണങ്ങൾ വരച്ച് ചിത്രം പൂർത്തിയാക്കുക. ഫോക്കസ് അടയാളപ്പെടുത്തുക?

